**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **30-06-2022 - ൽ മറുപടിയ്ക്ക്**

**വയനാട് മുട്ടിൽ മരംമുറി കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചു കടത്തിയ സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | G.O.(Rt) 1634/2021 Home dated 11.06.2021, G.O.(Rt) 1646/2021 Home dated 14.06.2021 എന്നീ ഉത്തരവുകൾ പ്രകാരം നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ക്രൈം ബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട അന്വേഷണം നടന്നു വരുന്നു. അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് വനം വകുപ്പിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | വയനാട് ജില്ലയിൽ കർഷകർക്കായി പതിച്ച് നൽകിയ ഭൂമിയിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമാക്കിയ വീട്ടി മരങ്ങൾ അനധികൃതമായി ലക്കിടി ചെക്ക്പോസ്റ്റ് വഴി കടത്തിക്കൊണ്ട് പോയതുമായി ബന്ധപ്പെട്ട്, ടി കാര്യത്തിൽ വീഴ്ച വരുത്തിയ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. വിനേഷ് വി.എസ്, ശ്രീ. ബി. പി. രാജു, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ശ്രീജിത്ത് ഇ. പി. എന്നീ മൂന്നു ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റർക്കെതിരെയും, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റർക്കെതിരെയും കാരണം കാണിക്കൽ നോട്ടീസും കുറ്റപത്രവും, കുറ്റാരോപണ പത്രികയും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്തെ വനംവകുപ്പ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പരിഗണനയിലാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചു കടത്തിയ സംഭവത്തിൽ കുറ്റക്കാരെന്നു കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | ഉണ്ട്. വനം വകുപ്പിന്റെ അന്വേഷണത്തിൽ സേവനത്തിൽ വീഴ്ച വരുത്തിയെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിനെ തുടർന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ, നിലവിലുള്ള സർക്കാർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണത്തെ സ്വാധീനിക്കാൻ സാധ്യത ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ